(ബി) എങ്കിൽ ഏതാണ് ലാഭകരമെന്നും, നീണ്ടകാലം നിലനിൽക്കുന്നതെന്നും നിലവിലുള്ള റോഡുകൾക്ക് അനുയോജ്യമാകുന്നതെന്നും കണക്കാക്കിയിട്ടുണ്ടോ ;

(സി) സ്വന്തമായി ബസ് ബോഡി നിർമ്മിച്ച് തുടങ്ങുന്നതിന് തീരുമാനമായോ ;

(ഡി) എങ്കിൽ ഇത്തരം ബസ്സുകൾ റോഡിലിറക്കുമ്പോൾ പ്രതീക്ഷിക്കുന്ന ലാഭം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ബസ്സുകൾ പുറത്ത് ബോഡി ചെയ്യിക്കുന്നത് സ്വന്തമായി ബോഡി നിർമ്മിക്കുന്നതിനേക്കാൾ ലാഭകരമാണെന്നാണ് കാണുന്നത്. ഈ ബസ്സുകൾ എല്ലാംതന്നെ നിലവിലുള്ള റോഡുകൾക്ക് അനുയോജ്യമാണ്.

(സി) കുറച്ച് പുതിയ ബസ് ബോഡികൾ ഇപ്പോൾ തന്നെ കെ.എസ്.ആർ.ടി.സി.-യുടെ പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിൽ നിർമ്മിച്ചുവരികയാണ്.

(ഡി) ബസ്സ് ബോഡികൾ സ്വന്തമായി നിർമ്മിക്കുമ്പോൾ ലാഭകരമല്ല എന്ന് മുകളിൽ നിന്ന് വ്യക്തമാണ്.

കണ്ടക്ടർ നിയമനം

167 [624] ശ്രീ. തോമസ് ചാഴികാടൻ :

„ കെ. നാരായണക്കുറുപ്പ് :

„ റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ റിസർവ്വ് കണ്ടക്ടർ തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യാതെ എം. പാനൽ കണ്ടക്ടർമാരായി നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) പി.എസ്.സി. ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികളെ എം. പാനൽ കണ്ടക്ടർമാരായി നിയമിച്ച തീയതി മുതൽ അഡ്വൈസ് ചെയ്ത് നിയമിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. അഡ്വൈസ് ചെയ്ത മുഴുവൻ പേരെയും നിയമിച്ചതിനു പുറമേ ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതിനുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്യാത്തവരെയും എം. പാനൽ കണ്ടക്ടറായി നിയമിച്ചിട്ടുണ്ട്.

(ബി) 1558 പേരെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള നിയമപ്രകാരം ഇതിന് കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly